പ്ലീനം പുലിവാലായി; ഇടതുമുന്നണിയിലും പിണക്കം

തിരുവനന്തപുരം: വെളുക്കാൻ തേച്ചത് സി.പി.എമ്മിന് പാണ്ഡായി. പ്ലീനത്തിന്റെ കിഴക്കൻ കാറ്റുമായി പാലക്കാട്ടുനിന്ന് പടയോട്ടം തുടങ്ങാൻ തയാറെടുത്ത സി.പി.എം. വിവാദങ്ങൾക്ക് മറുപടി പറഞ്ഞ് വശംകെടുകയാണ്.

യു.ഡി.എഫ്. സർക്കാരിന് സ്വാഭാവിക മരണം സംഭവിക്കുമെന്ന് പുറമേയ്ക്ക് പറയുന്നവർതന്നെ യു.ഡി.എഫിലെ പ്രമുഖ ഘടകകക്ഷിയായ കേരള കോൺഗ്രസ് (എം) നേതാവും ധനമന്ത്രിയുമായ കെ.എം. മാണിക്ക് ചുവപ്പ് പരവതാനി വിരിച്ചത് ഇടതുമുന്നണിയിലെ ഘടകകക്ഷികൾക്ക് രുചിച്ചില്ല. ആർ.എസ്.പി. ദേശീയ സെക്രട്ടറി ടി.ജെ. ചന്ദ്രചൂഡൻ സി.പി.എമ്മിന്റെ 'മാണി പ്രേമ'ത്തിനെതിരെ തുറന്നടിച്ചിരിക്കുകയാണ്.

പാലക്കാട്ട് ഇടതുമുന്നണിയിലെ ഘടകകക്ഷികളെ ഏഴയലത്തുപോലും അടുപ്പിച്ചില്ല. പക്ഷേ യു.ഡി.എഫ്. സർക്കാരിനെ ചീത്തപറഞ്ഞുകൊണ്ട് അതിലെ ഒരു ഘടകകക്ഷിയെ 'ധൃതരാഷ്ട്രാലിംഗനം' ചെയ്യാൻ സി.പി.എം. കരുനീക്കം നടത്തിയെന്ന് ചന്ദ്രചൂഡന്റെ പ്രസ്താവനയോടെ വ്യക്തമായിരിക്കുകയാണ്.

പാലക്കാട്ടെ വിവാദ വ്യവസായിയുടെ കൂറ്റൻ പരസ്യം പാർട്ടിപത്രം ഒന്നാം പേജിൽ വർണഭംഗിയോടെ അച്ചടിച്ചിട്ടും ചുമതലപ്പെട്ടവർ അതിനെ ന്യായീകരിച്ചത് സി.പി.എം. അണികളെ വല്ലാതെ നിരാശപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തം.

വിവാദ പരസ്യത്തിനെതിരെ കേരളം മുഴുവൻ ചർച്ച നടന്നിട്ടും സി.പി.എം. സംസ്ഥാന സെക്രട്ടറി 48 മണിക്കൂർ കഴിഞ്ഞാണ് വായ് തുറന്നത്. അതാകട്ടെ 'പാർട്ടി വേറെ, പത്രം വേറെ' എന്ന മട്ടിൽ നിസ്സാരവത്കരിച്ചുകൊണ്ടായിരുന്നു. പാലക്കാട്ട് പറയാൻ മടിച്ചത് പെരുമ്പാവൂരിൽ പറയാൻ പിണറായി വിജയൻ നിർബന്ധിതനായത് പാർട്ടിക്കുള്ളിൽ നിന്നുണ്ടായ എതിർപ്പ് കണ്ടിട്ട് മാത്രമാണ്. പിണറായി വിജയനൊപ്പം നിൽക്കുകയും വി.എസ്. അച്യുതാനന്ദനെ നഖശിഖാന്തം എതിർക്കുകയും ചെയ്യുന്ന പാർട്ടി നേതാക്കൾപോലും ദേശാഭിമാനി പരസ്യത്തിനെതിരെ തുറന്നടിച്ചു. എ.കെ. ബാലൻ, ആനത്തലവട്ടം ആനന്ദൻ, എം.എം. ലോറൻസ് തുടങ്ങിയവർ വിവാദ വ്യവസായിയുടെ പണം സ്വീകരിച്ചത് ശരിയായില്ലെന്ന് പറഞ്ഞപ്പോൾ, ഇ.പി. ജയരാജനെ പോലെ വ്യവസായിയുടെ പരസ്യത്തെ ന്യായീകരിക്കുന്ന നിലപാടാണ് പ്ലീനത്തിന്റെ ആസൂത്രകർ സ്വീകരിച്ചിരിക്കുന്നത്.

ലോക്സഭാ തിരഞ്ഞെടുപ്പ് വരുന്നതിന് മുമ്പ് പാർട്ടിയിലെ 'ശത്രുക്കളെ വകവരുത്തുക' എന്ന 'മൂല്യാധിഷ്ഠിത' നിലപാടാണ് പ്ലീനത്തിലൂടെ നടപ്പാക്കാൻ തീരുമാനിച്ചത്. ആദ്യദിവസം പ്ലീനത്തിൽ അവതരിപ്പിച്ച നിർദേശങ്ങളിൽ ഭക്തിയെയും വിശ്വാസത്തെയും പോലും കടിഞ്ഞാണിടുന്ന തീരുമാനങ്ങൾക്കുവേണ്ടി വാദിച്ചവർ പക്ഷേ വിവാദ വ്യവസായിയുടെ പണംകൊണ്ടുള്ള പരസ്യത്തിന് മുന്നിൽ അടിതെറ്റി. ധനമന്ത്രി കെ.എം. മാണിയെ കൊണ്ടുവന്ന് യു.ഡി.എഫ്. സർക്കാരിനെ വെള്ളം കുടിപ്പിക്കാമെന്ന് സ്വപ്നം കണ്ടതും വെറുതെയായി. കൂടാതെ ആർ.എസ്.പി.യുടെ പ്രതിഷേധവും ഏറ്റുവാങ്ങേണ്ടിവന്നു.

പ്രതിപക്ഷനേതാവിന്റെ കസേരയിൽ നിന്ന് വി.എസ്. അച്യുതാനന്ദനെ താഴെയിറക്കാമെന്ന പ്രതീക്ഷ, കെ.എം. മാണിയെ കാണിച്ച് സ്വന്തം ചേരിയിലെ ഘടകകക്ഷികളെ വരച്ചവരയിൽ നിർത്താമെന്ന കണക്കുകൂട്ടൽ എന്നിങ്ങനെ പാലക്കാടൻ കണക്കുകൂട്ടലൊക്കെ ദിവാസ്വപ്നമായിട്ടുണ്ടെന്ന് സാധാരണ പ്രവർത്തകർക്ക് ഇപ്പോൾ ബോധ്യമായി.

കമ്മ്യൂണിസ്റ്റുകൾ വിനയാന്വിതരാകണമെന്ന് സി.പി.എം. ദേശീയസെക്രട്ടറി പ്രകാശ് കാരാട്ടിന്റെ ആഹ്വാനത്തിനും 48 മണിക്കൂറിനുള്ളിൽ ഫലം കണ്ടു. പാലക്കാട്ട് ഇ.പി. ജയരാജന്റെ മാധ്യമങ്ങളോടുള്ള പ്രതികരണവും പെരുമ്പാവൂരിലെ പൊതുയോഗത്തിൽ സി.പി.എം. സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ പ്രസ്താവനയും 'വിനയ പ്രകടന'ത്തിന്റെ നല്ല ഉദാഹരണമാണെന്ന് വിമർശകർ ചൂണ്ടിക്കാട്ടുന്നുണ്ട്. മാത്രമല്ല, കിഴ്ക്കോടതിയുടെ വിധിക്കെതിരെയുള്ള അപ്പീൽ നടപടികൾ നടക്കുമ്പോൾതന്നെ പാർട്ടി സെക്രട്ടറി ജില്ലകൾതോറും സ്വീകരണങ്ങൾ 'ഏറ്റുവാങ്ങി' നയം വ്യക്തമാക്കുന്നതിന്റെ അർഥശൂന്യതയും പാർട്ടിയിലെ ഒരുവിഭാഗം ചർച്ച ചെയ്യുകയാണ്.

ഫലത്തിൽ പ്ലീനം കൊണ്ടുണ്ടായ കോട്ടം എത്രയുംവേഗം തീർക്കാൻ സി.പി.എമ്മിന് അത്യധ്വാനം ചെയ്യേണ്ടിവരും. ലോട്ടറി രാജാവിന്റെ കൈയിൽനിന്ന് പണം വാങ്ങിയതിന്റെ പാപം കഴുകിക്കളഞ്ഞിട്ട് നിൽക്കുമ്പോഴാണ് വിവാദ വ്യവസായിയും ചക്കിട്ടപാറ വിവാദവും പാർട്ടിയുടെ തമ്പിൽ ചവിട്ടിക്കയറി വന്നിരിക്കുന്നത്.

ചക്കിട്ടപാറ ഖനനവിവാദം

മൃദുസമീപനമില്ലെന്ന് മുഖ്യമന്ത്രി

ന്യൂഡൽഹി: ചക്കിട്ടപാറയിൽ സ്വകാര്യ കമ്പനിക്ക് ഇരുമ്പയിര് ഖനനത്തിന് അനുമതി നൽകിയത് സംബന്ധിച്ച് ആരോപണങ്ങൾ വിശദമായി പരിശോധിക്കുകയാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ഡൽഹിയിൽ മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. പരിശോധിച്ച ശേഷം ആവശ്യമായ നടപടിയെടുക്കും. തെറ്റുചെയ്തവരെ മാത്രമേ ശിക്ഷിക്കൂവെന്നും ഇക്കാര്യത്തിൽ മൃദുസമീപനമില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

കേരളത്തിൽ ഉടൻ ഭരണമാറ്റമുണ്ടാവുമെന്നത് സി.പി.എമ്മിന്റെ വ്യാമോഹം മാത്രമാണ്. സർക്കാർ ഇപ്പോൾ താഴെ വീഴും, കൂടുതൽ നാൾ പോവില്ല, പാർലമെന്റ് തിരഞ്ഞെടുപ്പിനുശേഷം അധികാരമാറ്റം എന്നൊക്കെയാണ് പ്രചാരണം. യാഥാർഥ്യബോധമില്ലാത്ത നേതൃത്വമാണ് സി.പി.എമ്മിനുള്ളതെന്ന് ഉമ്മൻചാണ്ടി പറഞ്ഞു.

"സി.പി.എം. പ്ലീനത്തിൽ ധനമന്ത്രി കെ.എം. മാണി പങ്കെടുത്തതിൽ തെറ്റില്ല. നേരത്തേ പ്രകാശ് കാരാട്ട് പങ്കെടുത്ത സി.പി.എം. സെമിനാറിൽ ഞാനും പങ്കെടുത്തിട്ടുണ്ട്" – മുഖ്യമന്ത്രി പറഞ്ഞു. റബർ ഇറക്കുമതി തീരുവ സംബന്ധിച്ച വിഷയത്തിൽ ധനവകുപ്പിന് പിഴവുപറ്റിയെന്ന ആരോപണം മുഖ്യമന്ത്രി തള്ളി. ഇറക്കുമതി തീരുവ കൂടുതൽ തടസ്സമുണ്ടാക്കുകയാണെങ്കിൽ റബറിന്റെ ഇറക്കുമതി നിരോധിക്കാനായി കേന്ദ്രസർക്കാറിനെ സമീപിക്കും.

പ്രാദേശികമായ പ്രശ്നങ്ങൾ പരിഗണിച്ചു മാത്രമേ കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കാവൂവെന്നാണ് സർക്കാർ നിലപാട്. കേന്ദ്ര പരിസ്ഥിതി മന്ത്രി ജയന്തി നടരാജനെ ഇക്കാര്യം അറിയിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനാണ് അദ്ദേഹം ഡൽഹിയിലെത്തിയത്.

ഭരണമാറ്റം സി.പി.എം. വ്യാമോഹം

കാലാവസ്ഥ ◆

തിരുവനന്തപുരം : കേരളത്തിന്റെയും ലക്ഷദ്വീപിന്റെയും ചില സ്ഥലങ്ങളിൽ മഴയ്ക്ക് സാധ്യത.

സിനിമയിലും ഹെൽമെറ്റ് നിർബന്ധമെന്ന് ഋഷിരാജ്സിങ്

തിരുവനന്തപുരം: സിനിമാരംഗങ്ങളിലും ഹെൽമെറ്റ് നിർബന്ധമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ ഋഷിരാജ്സിങ്. സെൻസർ ബോർഡിനും സിനിമാ സംഘടനകൾക്കും ഋഷിരാജ്സിങ് ഇത് സംബന്ധിച്ച് കത്തയച്ചു. നിർദേശം ലംഘിച്ചാൽ കേസെടുക്കുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നടന്മാരെ അനുകരിക്കുന്നതിനുള്ള പ്രവണത യുവജനങ്ങളിൽ കൂടുതലായതിനാലാണ് സിനിമാരംഗങ്ങളിലും ഹെൽമെറ്റ് നിർബന്ധമാക്കിയത്.

അഡീ. ചീഫ് സെക്രട്ടറി താങ്ക്സി ഫ്രാൻസിസ് വിരമിച്ചു



കൊച്ചി: മഹാരാഷ്ട്ര ഗവൺമെന്റിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി താങ്ക്സി ഫ്രാൻസിസ് സർവീസിൽ നിന്ന് വിരമിച്ചു. 1978 ബാച്ച് ഐ.എ.എസ് ഉദ്യോഗസ്ഥയായ താങ്ക്സി പുണെയിലെ ബാരാമതിയിൽ അസിസ്റ്റന്റ് കളക്ടറായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ബോംബെ സബർബൻ കളക്ടർ, മഹാരാഷ്ട്ര ഗവർണറുടെ സെക്രട്ടറി, ആറ്റമിക് എനർജി വകുപ്പ് ഡയറക്ടർ, സിഡ്കോ എം.ഡി തുടങ്ങിയ ചുമതലകൾ വഹിച്ചു. മുംബൈ ഐഐടിയിൽ നിന്ന് മൈക്രോഫിനാൻസിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്.

മുംബൈയിലെ വ്യവസായി ഫ്രാൻസിസ് തെക്കേക്കരയുടെ ഭാര്യയും വൈക്കം പേരയിൽ കുടുംബാംഗം പി.ഡി. മാത്യുവിന്റെ മകളുമാണ്.

മഅദനിയെ നാളെ ആസ്പത്രിയിൽ പ്രവേശിപ്പിക്കും

ബാംഗ്ലൂർ: പരപ്പന അഗ്രഹാര ജയിലിലുള്ള അബ്ദുന്നാസർ മഅദനിയെ ചൊവ്വാഴ്ച രാവിലെ ചികിത്സയ്ക്കായി മണിപ്പാൽ ആസ്പത്രിയിൽ പ്രവേശിപ്പിക്കും.

ജയിൽ സൂപ്രണ്ട് ഇക്കാര്യം ഞായറാഴ്ച മഅദനിയെ അറിയിച്ചു. ഡോ. സുദർശൻ ബല്ലാലിന്റെ നേതൃത്വത്തിലുള്ള സംഘമാണ് മഅദനിയെ പരിശോധിക്കുക. മഅദനിക്ക് ചികിത്സ ലഭ്യമാക്കാൻ സുപ്രീംകോടതി ഈയിടെ കർണാടക സർക്കാറിനോട് നിർദേശിച്ചതിനെത്തുടർന്നാണിത്.

ജസ്റ്റിസ് ശശിധരൻ നമ്പ്യാർ ഹരിത ട്രിബ്യൂണൽ അംഗം

കൊച്ചി: ദേശീയ ഹരിത ട്രിബ്യൂണൽ (നാഷണൽ ഗ്രീൻ ട്രിബ്യൂണൽ) അംഗമായി ജസ്റ്റിസ് എം. ശശിധരൻ നമ്പ്യാർ ചുമതലയേറ്റു. ന്യൂഡൽഹിയാണ് ട്രിബ്യൂണൽ ആസ്ഥാനം.

പ്രകൃതി-വന സംരക്ഷണവുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പ് കല്പിക്കാനാണ് ട്രിബ്യൂണൽ 2010 ഒക്ടോബറിൽ സ്ഥാപിതമായത്. ചെന്നൈയിലുള്ള ബെഞ്ചിന് സിറ്റിങ് സൗകര്യം ഹൈക്കോടതിയിൽ നൽകാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഹൈക്കോർട്ട് അഡ്വക്കേറ്റ്സ് അസോസിയേഷനാണ് അതിന് മുൻകൈ എടുക്കുന്നത്. അതോടെ ബന്ധപ്പെട്ട കക്ഷികൾക്ക് ചെന്നൈയിൽ പോകാതെ കൊച്ചിയിൽ കേസുകൾ ഫയൽ ചെയ്യാം.

മുൻസിഫായി ജുഡീഷ്യൽ സർവീസിൽ പ്രവേശിച്ച ശശിധരൻ നമ്പ്യാർ സബ് ജഡ്ജി, ജില്ലാ ജഡ്ജി, ഹൈക്കോടതി രജിസ്ട്രാർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. 2004 ഒക്ടോബർ 28 മുതൽ ഇക്കഴിഞ്ഞ ജനവരി 2 വരെ അദ്ദേഹം ഹൈക്കോടതി ജഡ്ജിയായിരുന്നു.

ഉപ്പുസത്യാഗ്രഹസ്മരണയ്ക്ക് ദണ്ഡിയിൽ ദേശീയസ്മാരകം ഒരുങ്ങുന്നു



ദേശീയസ്മാരകത്തിൽ സ്ഥാപിക്കുന്നതിനായി ഒരുക്കുന്ന ഗാന്ധിജിയുടെ പ്രതിമ



ഉപ്പുസത്യാഗ്രഹത്തിന്റെ സ്മരണയ്ക്കായി ഗുജറാത്തിലെ ദണ്ഡിയിൽ നിർമിക്കുന്ന ദേശീയസ്മാരകത്തിന്റെ രൂപരേഖ

പ്രത്യേക ലേഖകൻ

മുംബൈ: 'അധികാരശക്തിക്കെതിരെ നീതിയിലുറച്ച അവകാശബോധത്തിന്റെ പോരാണ് ഇത്' എന്ന് മഹാത്മാഗാന്ധി പ്രഖ്യാപിച്ച ദണ്ഡി ഉപ്പുസത്യാഗ്രഹത്തിന്റെ ഓർമകൾ അനശ്വരമാക്കാൻ ഗുജറാത്തിലെ ദണ്ഡിയിൽ ദേശീയസ്മാരകം ഉയരുന്നു.

കേന്ദ്രസർക്കാറിന്റെ സാംസ്കാരിക വകുപ്പ്, ദണ്ഡി സ്മാരക ഉന്നതാധികാര സമിതി എന്നിവയുടെ സഹായത്താൽ മുംബൈ ഐ.ഐ.ടിയിലെ ഇൻഡസ്ട്രിയൽ ഡിസൈൻ സെന്ററാണ് ഈ സ്മാരകസമുച്ചയം യാഥാർഥ്യമാക്കുന്നത്. ഗുജറാത്തിലെ ദണ്ഡിയിൽ ഉയരുന്ന സ്മാരകകേന്ദ്രത്തിൽ സ്ഥാപിക്കാനുള്ള കലാസൃഷ്ടികളെക്കുറിച്ച് ആലോചിക്കുന്നതിനുള്ള അന്താരാഷ്ട്രശില്പശാല മുംബൈ ഐ.ഐ.ടിയിൽനടന്നുവരുന്നു.

ദണ്ഡിയിലെ 15 ഏക്കർ വരുന്ന സ്ഥലത്ത് കൃത്രിമ തടാകത്തിനുചുറ്റുമാണ് സ്മാരകം ഉയരുക. തടാകത്തിന്റെ ഒരറ്റത്ത് ഒരു പ്രകാശഗോപുരത്തിന്റെ ചുവട്ടിൽ നിവർന്ന് മുന്നോട്ടു നോക്കിനിൽക്കുന്ന ഗാന്ധിജിയുടെ 15 അടി ഉയരമുള്ള പ്രതിമ സ്ഥാപിക്കും. സ്മാരക മന്ദിരത്തിന്റെ പ്രധാന കേന്ദ്രത്തിലേക്കുള്ള നടവഴിയിൽ 1930-ലെ ഉപ്പുസത്യാഗ്രഹത്തിൽ ഗാന്ധിജിക്കൊപ്പം പങ്കെടുത്ത 80 സ്വയംസന്നദ്ധപ്രവർത്തകരുടെ പ്രതിമകളും സ്ഥാപിക്കും. അഹമ്മദാബാദിലെ സബർമതി ആശ്രമത്തിൽനിന്ന് ദണ്ഡിയിലേക്ക് ഉപ്പുനിയമം ലംഘിക്കാൻ ഗാന്ധിജി നടത്തിയ ദണ്ഡിമാർച്ചിന്റെ യാത്രാമാർഗവും തടാകക്കരയിൽ പുനരാവിഷ്കരിക്കും.

ദണ്ഡിമാർച്ചിന്റെ ഓരോ ദിവസത്തെയും സുപ്രധാനസംഭവങ്ങൾ ആവിഷ്കരിക്കുന്ന ചുമർചിത്രലിഖിതങ്ങളും ഈ നടവഴിയുടെ ഓരങ്ങളിൽ പ്രതിഷ്ഠിക്കും. ലാളിത്യം, സ്വയംപര്യാപ്തത, സുസ്ഥിര നടത്തിപ്പ്, പങ്കാളിത്തം എന്നിവ ഉറപ്പാക്കുന്ന മാതൃകയിലാകും സ്മാരകം ഉയരുക എന്ന് ഇൻഡസ്ട്രിയൽ ഡിസൈൻസെന്ററിലെ പ്രൊഫസർ കീർത്തി ത്രിവേദി വിശദീകരിച്ചു. മഹാത്മജിയുടെ സ്വന്തം പ്രസിദ്ധീകരണമായ 'നവജീവന്റെ' ഹിന്ദി എഡിറ്ററായിരുന്ന കാശിനാഥ് ത്രിവേദിയുടെ മകനാണ് കീർത്തി ത്രിവേദി.

കൈയുടെ ആകൃതിയിലുള്ള പടുകൂറ്റൻ പിരമിഡ് വഹിക്കുന്ന ഉപ്പുപരലുകൾ താഴേക്ക് പ്രകാശം ചൊരിയുന്ന സമുച്ചയമാണ് സ്മാരകത്തിന്റെ കേന്ദ്രബിന്ദു. പകൽ ഒടുങ്ങുന്തോറും ഈ കൈകൾ പ്രകാശിച്ചുതുടങ്ങും. രാത്രിയിൽ ഈ കൈകൾ വിതറുന്ന പ്രകാശമഴയിലാകും സ്മാരകമാകെ.

ഗാന്ധിജിയുടെ പ്രതിമ ഒരുക്കുന്നത് പ്രമുഖശില്പിയായ സദാശിവ് സാത്തെയാണ്. ഗാന്ധിജിക്കൊപ്പം മാർച്ചിൽ പങ്കെടുത്ത, ഗാന്ധിജിതന്നെ തിരഞ്ഞെടുത്ത 79 സത്യാഗ്രഹികളുടെയും പ്രതിമ ഒരുക്കുന്നതാണ് സംഘാടകർ ഏറ്റെടുത്ത വലിയ വെല്ലുവിളി. ഫോട്ടോകളിൽനിന്നും, രേഖാചിത്രങ്ങളിൽനിന്നും സത്യാഗ്രഹികളുടെ കുടുംബാംഗങ്ങളായ പിന്മുറക്കാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചാണ് ഈ പ്രതിമകളൊരുക്കുന്നത്. ഇതിനായി ഇൻഡസ്ട്രിയൽ ഡിസൈൻസെന്റർ സംഘടിപ്പിച്ച അന്താരാഷ്ട്ര ശില്പശാലയിൽനിന്ന് 40 ഓളം ശില്പികളെ തിരഞ്ഞെടുത്തു. കേരളത്തിൽനിന്ന് വി.കെ. ജയനും കൊല്ലം ടി.കെ.എം. എൻജിനീയറിങ് കോളേജ് പ്രൊഫസറായിരുന്ന ആൻറണി ബന്നും ഐ.ഐ.ടിയിൽ സമാപിച്ച ശില്പികളുടെ ആദ്യക്യാമ്പിൽ പങ്കെടുത്തു. കേരളത്തിൽനിന്ന് ദണ്ഡിമാർച്ചിൽ പങ്കെടുത്ത രാഘവൻ, കൃഷ്ണൻനായർ, ശങ്കരൻ എന്നീ ഖാദിപ്രവർത്തകരുടെയും ക്രിസ്തുമതവിശ്വാസിയായ ടൈറ്റസിന്റെയും പ്രതിമകൾ സ്മാരകത്തിന്റെ നടവഴികളിലുണ്ടാകും.

അമേരിക്കയിൽനിന്നും ബ്രിട്ടനിൽനിന്നും ബർമ, ബൾഗേറിയ എന്നിവിടങ്ങളിൽനിന്നും ശില്പികൾ ഉൾപ്പെടുന്ന രണ്ടാംഘട്ട ക്യാമ്പ് ഡിസംബർ ഏഴിന് തുടങ്ങും.

2015-ൽ ദണ്ഡിസ്മാരകം പൂർത്തിയാകുമ്പോൾ സബർമതിയിൽനിന്ന് ദണ്ഡിയിലേക്ക് 24 ദിവസത്തെ യാത്രയും ദണ്ഡിസ്മാരകസമിതി പദ്ധതിയിട്ടിട്ടുണ്ട്. ഓരോ വർഷവും ഉപ്പുസത്യാഗ്രഹവാർഷികത്തിന് മാർച്ച് പുനരാവിഷ്കരിക്കാനും പദ്ധതിയുണ്ട്.

ജയ്പുരിൽ ബുർഖയണിഞ്ഞ്, തിരിച്ചറിയൽ കാർഡുമായി വോട്ട് ചെയ്യാൻ ഊഴം കാത്തുനിൽക്കുന്ന സ്ത്രീകൾ

തേജ്പാൽ ആറ് ദിവസം പോലീസ് കസ്റ്റഡിയിൽ

പനാജി: സഹപ്രവർത്തകയെ പീഡിപ്പിച്ച കേസിൽ ഗോവ ക്രൈംബ്രാഞ്ച് അറസ്റ്റുചെയ്ത തെഹൽക മുൻമുഖ്യപത്രാധിപർ തരുൺ തേജ്പാലിനെ കോടതി ആറ് ദിവസത്തേക്ക് പോലീസ് കസ്റ്റഡിയിൽ വിട്ടു.

ശനിയാഴ്ച രാത്രി ഒമ്പതോടെ അറസ്റ്റുചെയ്ത അദ്ദേഹത്തെ ഞായറാഴ്ച ഉച്ചയോടെയാണ് പോലീസ് പനാജി ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കിയത്. ചോദ്യംചെയ്യാനായി 14 ദിവസത്തെ കസ്റ്റഡി അനുവദിക്കണമെന്നാണ് പോലീസ് ആവശ്യപ്പെട്ടത്.

കസ്റ്റഡിയിൽ വിടരുതെന്ന് തേജ്പാലിന്റെ അഭിഭാഷകരും ആവശ്യപ്പെട്ടു. തുടർന്ന് ആറുദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ട് മജിസ്ട്രേട്ട് ഷമ ജോഷി വിധിപറഞ്ഞു.

തേജ്പാലിനെ പിന്നീട് ചോദ്യംചെയ്യാനായി ഡോണപോളോയിലെ ക്രൈംബ്രാഞ്ച് ആസ്ഥാനത്തേക്ക് മാറ്റി. ബലാത്സംഗം, സ്ത്രീകളുടെ മാന്യതലംഘിക്കൽ എന്നീ കുറ്റങ്ങളാണ് ഗോവ ക്രൈംബ്രാഞ്ച് തെഹൽക മുൻ പത്രാധിപർക്കെതിരെ ചുമത്തിയിരിക്കുന്നത്.

ശനിയാഴ്ച രാത്രി പനാജി സെഷൻസ് കോടതി മുൻകൂർജാമ്യാപേക്ഷ തള്ളിയതിനെത്തുടർന്നാണ് അദ്ദേഹത്തെ അറസ്റ്റുചെയ്തത്. 25 പേജുള്ള വിധിയിൽ സെഷൻസ് ജഡ്ജി അനുജപ്രഭു ദേശായി പ്രോസിക്യൂഷന്റെ മിക്ക വാദങ്ങളും ശരിവെച്ചു. "പരാതിക്കാരി അച്ഛനെപ്പോലെയും മാർഗദർശിയായും കരുതിയിരുന്ന വ്യക്തി അവരുടെ മാന്യത ലംഘിച്ചു. അധികാരം ദുരുപയോഗം ചെയ്തെന്നും വിശ്വാസവഞ്ചന നടത്തിയെന്നും ശാരീരികമായി ഉപദ്രവിച്ചെന്നും പരാതിക്കാരിയുടെ പ്രസ്താവനയും ഇ-മെയിലടക്കമുള്ള മറ്റു രേഖകളും പ്രഥമദൃഷ്ട്യാ സൂചിപ്പിക്കുന്നു" വെന്ന് വിധിന്യായത്തിൽ സെഷൻസ് കോടതി പറഞ്ഞു.

പരാതിക്കാരിയുടെ കുടുംബത്തെ സ്വാധീനിച്ച് കേസ്സില്ലാതാക്കാൻ ശ്രമിച്ചെന്ന പ്രോസിക്യൂഷന്റെ ആരോപണവും വിധിയിൽ പരാമർശിച്ചിട്ടുണ്ട്.

കൊലക്കേസ് പ്രതികൾക്കൊപ്പം ലോക്കപ്പിൽ

സഹപ്രവർത്തകയെ പീഡിപ്പിച്ച കേസിൽ അറസ്റ്റിലായ രാജ്യത്തെ പ്രശസ്തനായ പത്രാധിപർക്ക് പോലീസ് ലോക്കപ്പിലെ ഇരുണ്ട യാഥാർഥ്യങ്ങളുമായി ആദ്യദിനംതന്നെ പൊരുത്തപ്പെടേണ്ടിവന്നു. പഞ്ചനക്ഷത്രസൗകര്യങ്ങളിൽനിന്ന് ലോക്കപ്പിലേക്ക് മാറിയപ്പോഴും അദ്ദേഹം ശാന്തനായിരുന്നുവെന്നാണ് റിപ്പോർട്ടുകൾ.

പനാജിയിലെ ഗോവാ പോലീസ് ആസ്ഥാനത്തോട് ചേർന്നുള്ള ലോക്കപ്പിലാണ് അദ്ദേഹത്തെ ശനിയാഴ്ച പാർപ്പിച്ചത്. കൊലക്കേസിൽ അറസ്റ്റിലായ രണ്ടുപേരും സമൂഹവിരുദ്ധപ്രവർത്തനത്തിന് കരുതൽതടങ്കലിലായ മറ്റൊരാളുമായിരുന്നു ആദ്യദിവസം തേജ്പാലിനൊപ്പം ലോക്കപ്പിൽ.

അറസ്റ്റിനുശേഷമുള്ള പതിവ് ആരോഗ്യപരിശോധനയ്ക്ക് ശേഷം പുലർച്ചെ രണ്ടോടെയാണ് അദ്ദേഹത്തെ ലോക്കപ്പിലാക്കിയത്. രാത്രി 12.30ന് ഗോവ മെഡിക്കൽ കോളേജിൽ പരിശോധനയ്ക്ക് കൊണ്ടുവരുമ്പോഴും പിന്നീട് ലോക്കപ്പിലേക്ക് കൊണ്ടുപോകുമ്പോഴും അഭിഭാഷകരും കുടുംബാംഗങ്ങളും ഒപ്പമുണ്ടായിരുന്നു. മെഡിക്കൽകോളേജിൽ മാധ്യമസംഘം പ്രതികരണത്തിനായി കാത്തുനിന്നെങ്കിലും അദ്ദേഹം സംസാരിക്കാൻ കൂട്ടാക്കിയില്ല.

രാജസ്ഥാനിൽ റെക്കോഡ് പോളിങ്-74%

ജയ്പുർ: രാജ്യത്തെ ഏറ്റവും വലിയ സംസ്ഥാനമായ രാജസ്ഥാനിലെ നിയമസഭാ തിരഞ്ഞെടുപ്പിൽ റെക്കോഡ് പോളിങ്- 74.38 ശതമാനം.

2003-ൽ രേഖപ്പെടുത്തിയ 67.2 ശതമാനമാണ് ഇതുവരെയുള്ള ഉയർന്ന പോളിങ് നിരക്ക്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 66.5 ശതമാനം പോളിങ്ങായിരുന്നു.

ചിലയിടങ്ങളിലെ ചെറിയ സംഘർഷങ്ങളൊഴിച്ചാൽ പൊതുവെ സമാധാനപരമായി നടന്ന വോട്ടെടുപ്പിൽ 2.5 കോടി പേർ സമ്മതിദാനം വിനിയോഗിച്ചു.

മന്ദഗതിയിലാണ് വോട്ടെടുപ്പ് ആരംഭിച്ചത്. ചിലയിടങ്ങളിൽ ബൂത്ത് പിടിച്ചെടുക്കാൻ ശ്രമമുണ്ടായി. ദൗസ ജില്ലയിലെ സലീംപുർ മേഖലയിലും അൽവാറിലും വോട്ടെടുപ്പ് തടസ്സപ്പെടുത്താൻ ശ്രമിച്ച ജനക്കൂട്ടത്തെ പിരിച്ചുവിടാൻ സുരക്ഷാസേന ആകാശത്തേക്ക് വെടിവെച്ചു. നസീരാബാദ് മണ്ഡലത്തിൽ കോൺഗ്രസ്-ബി.ജെ.പി. പ്രവർത്തകർ തമ്മിൽ ചെറിയതോതിൽ ഏറ്റുമുട്ടലുണ്ടായി.

കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ അശോക് ഗെഹ്ലോട്ട് ജോധ്പുരിലും ബി.ജെ.പി.യുടെ മുഖ്യമന്ത്രി സ്ഥാനാർഥി വസുന്ധരാ രാജെയും മകനും എം.പി.യുമായ ദുഷ്യന്ത് സിങ്ങും ഝൽവാറിലും വോട്ട് ചെയ്തു.

200 അംഗ സഭയിലെ 199 സീറ്റുകളിലേക്കാണ് തിരഞ്ഞെടുപ്പ് നടന്നത്. 166 വനിതകളുൾപ്പെടെ 2086 പേരാണ് മത്സരരംഗത്തുള്ളത്.

ബി.എസ്.പി. സ്ഥാനാർഥി ജഗദീഷ് മേഘ്വാളിന്റെ മരണത്തെത്തുടർന്ന് ചുരു മണ്ഡലത്തിലെ വോട്ടെടുപ്പ് '13-ലേക്ക് മാറ്റിവെച്ചിരിക്കുകയാണ്.

ചക്കിട്ടപാറ ഖനനം: വിജിലൻസ് അന്വേഷിക്കണം -പന്തളം സുധാകരൻ

തിരുവനന്തപുരം: ചക്കിട്ടപാറയിൽ ഖനനാനുമതിക്കായി മുൻമന്ത്രി എളമരം കരീമിന് അഞ്ചുകോടി രൂപ നൽകിയെന്ന ആരോപണത്തെക്കുറിച്ച് വിജിലൻസ് അന്വേഷിക്കണമെന്ന് കോൺഗ്രസ് വക്താവ് പന്തളം സുധാകരൻ ആവശ്യപ്പെട്ടു. ആരോപണം ഉന്നയിച്ച വ്യക്തി അതിൽ ഉറച്ചുനിൽക്കുകയാണ്. കരീമിന്റെ മറുപടികൾ വിശ്വാസയോഗ്യവുമല്ല.

സി.പി.എമ്മിന്റെ ഉയർന്ന ഒരു നേതാവിനെതിരെ ഉയർന്ന അഴിമതി ആരോപണം ശരിയോ തെറ്റോയെന്ന് ബോധ്യപ്പെടേണ്ട സാഹചര്യം സമൂഹത്തിന് മുന്നിലുണ്ട്. അടിയന്തരമായി ഇക്കാര്യത്തിൽ മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും ഇടപെടണം.

തന്റെ വീഴ്ച അന്ന് മുഖ്യമന്ത്രിയായിരുന്ന വി.എസ്. അച്യുതാനന്ദനുമേൽ ചാരാനുള്ള അപഹാസ്യ ശ്രമമാണ് കരീം നടത്തുന്നത്.

വിമാനത്താവളത്തിൽ കലാഭവൻ മണിയിൽ നിന്ന് 22.5 പവന്റെ വള പിടിച്ചെടുത്തു



കലാഭവൻ മണി

നെടുമ്പാശ്ശേരി: വിദേശയാത്രകഴിഞ്ഞെത്തിയ നടൻ കലാഭവൻ മണിയിൽ നിന്ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽവച്ച് കസ്റ്റംസ് ഇരുപത്തിരണ്ടര പവൻ തൂക്കം വരുന്ന സ്വർണവള പിടിച്ചെടുത്തു. മണി കൈയിലിട്ടിരുന്ന വള 22കാരറ്റ് സ്വർണമാണെന്ന് പരിശോധനയിൽ തെളിഞ്ഞതായി അധികൃതർ പറയുന്നു. രേഖകളില്ലാത്തതിനാൽ മണിക്ക് കാരണംകാണിക്കൽ നോട്ടീസ് അയയ്ക്കുമെന്നും കസ്റ്റംസ് അറിയിച്ചു. വള അഞ്ചരപ്പവന്റേതാണെന്നാണ് മണിയുടെ വിശദീകരണം.

ഞായറാഴ്ച പുലർച്ചെയുള്ള കുവൈത്ത് എയർവേസ് വിമാനത്തിൽ കുവൈത്തിൽ നിന്നാണ് മണിയെത്തിയത്. കൈയിലെ വള സ്വർണമാണോ എന്ന് ചോദിച്ചപ്പോൾ സ്വർണമല്ലെന്നായിരുന്നു ആദ്യം മണിയുടെ ഉത്തരമെന്ന് കസ്റ്റംസ് അധികൃതർ പറയുന്നു. പിന്നീട് 'സ്വർണമാണോ ഇരുമ്പാണോ എന്ന് നിങ്ങൾ പരിശോധിച്ചോളൂ' എന്ന് കയർത്ത മണി വള മേശപ്പുറത്ത് ഊരിയിട്ടശേഷം മടങ്ങിയെന്നും അവർ പറഞ്ഞു. പരിശോധനയിൽ വള 181ഗ്രാം തൂക്കമുള്ള 22 കാരറ്റ് സ്വർണമാണെന്ന് കണ്ടെത്തി. വളയ്ക്ക് 5, 13, 000രൂപ വിലവരും. മണിയുടെ കഴുത്തിൽ സ്വർണമാലയുണ്ടായിരുന്നുവെന്നും അത് പരിശോധിക്കാനായില്ലെന്നും കസ്റ്റംസ് ഉദ്യോഗസ്ഥർ പറയുന്നു.

വിദേശത്ത് ആറുമാസം തങ്ങിയവർക്ക് മാത്രമേ ഇന്ത്യയിലേക്ക് സ്വർണം കൊണ്ടുവരാനാകൂ. പുരുഷന്മാർക്ക് 50,000 രൂപയുടെ സ്വർണം നികുതിയില്ലാതെയും ഒരു കിലോ സ്വർണം നികുതിയടച്ചും കൊണ്ടുവരാം. മണി ആറുമാസം തങ്ങിയിട്ടില്ല എന്നു തെളിഞ്ഞിട്ടുണ്ട്. വിദേശത്തേക്ക് പോകുമ്പോൾ കൈവശം സ്വർണമുണ്ടെങ്കിൽ അതിന്റെ മൂല്യം വെളിപ്പെടുത്തി കയറ്റുമതി സർട്ടിഫിക്കറ്റ് വാങ്ങണം. തിരികെ വരുമ്പോൾ ഇത് കസ്റ്റംസ് മുമ്പാകെ ഹാജരാക്കുകയും വേണം.

മണിയുടെ പക്കൽ ഈ സർട്ടിഫിക്കറ്റും ഇല്ലായിരുന്നു. ഇതേത്തുടർന്നാണ് വള സർക്കാറിലേക്ക് കണ്ടുകെട്ടാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നാവശ്യപ്പെട്ട് നോട്ടീസ് അയയ്ക്കാൻ തീരുമാനിച്ചതെന്ന് കസ്റ്റംസ് അധികൃതർ പറഞ്ഞു. നിയമ പ്രകാരം വള കണ്ടുകെട്ടേണ്ടതാണ്. മണിയുടെ വിശദീകരണത്തിന്മേൽ അന്തിമ തീരുമാനമെടുക്കാനുള്ള വിവേചനാധികാരം കസ്റ്റംസ് കമ്മീഷണർക്കാണ്.

വളയിൽ അഞ്ചരപ്പവൻ സ്വർണം മാത്രമേയുള്ളൂവെന്നും ബാക്കി ഇരുമ്പാണെന്നുമാണ് മണി പറയുന്നത്. 'എന്റെ കൈയിലെ വള പലപ്പോഴും പ്രേക്ഷകരെല്ലാം കണ്ടിട്ടുണ്ട്. എത്രയോ കാലമായി അതിടുന്നു. സ്വർണമാണോ എന്ന് ചോദിച്ചപ്പോൾ പരിശോധിക്കാനായി ഊരിക്കൊടുക്കുക മാത്രമാണ് ചെയ്തത്. വനംവകുപ്പുകാർക്കുപിന്നാലെ കസ്റ്റംസും വളഞ്ഞിട്ടുപിടിക്കുകയാണ്.'–മണി പറഞ്ഞു.

സൗജന്യ നിരക്കിൽ* കമ്പ്യൂട്ടർ പഠനം
ഇന്ദിരാ വിദ്യാ യോജന 2013**
An Independent NGO's Computer Training Programme for All
15 ദിവസത്തിനകം അപേക്ഷിക്കുന്നവർക്ക് റെജി: ഫീസ്, പരീക്ഷാഫീസ് എന്നിവ മാത്രം അടച്ചാൽ മതി. വിജയകരമായി എളുപ്പം പഠനം പൂർത്തിയാക്കാം. ഇന്ത്യക്കകത്തും പുറത്തും തൊഴിൽ നേടാം. വീട്ടമ്മമാർ, സ്കൂൾ / കോളേജ് വിദ്യാർഥികൾ, ഉദ്യോഗാർഥികൾ തുടങ്ങിയവർക്കെല്ലാം അപേക്ഷിക്കാം. പഠിക്കുന്നവർക്കും, ജോലിചെയ്യുന്നവർക്കും അനുയോജ്യമായ സമയക്രമം അനുവദിക്കുന്നതാണ്. പ്രായപരിധിയില്ല. കമ്പ്യൂട്ടറിൽ മുൻപരിചയം ആവശ്യമില്ല. REGULAR / HOLIDAY BATCHES.
മികച്ച സിലബസ്സ് • എളുപ്പം പഠിക്കാം • PLACEMENT ASSISTANCE
❶ DIPLOMA IN COMPUTERIZED FINANCIAL ACCOUNTING (DCFA), ❷ COMPUTER TEACHERS TRAINING COURSE (CTTC)
❸ OFFICE SECRETARY (OFFICE SECRETARY/P.R.O.), ❹ POST GRADUATE DIPLOMA IN COMPUTER APPLICATION (PGDCA)
❺ DIPLOMA IN GRAPHIC DESIGNING, ❻ DESKTOP PUBLISHING (DTP), ❼ DIPLOMA IN MULTIMEDIA & ANIMATION
വനിതകൾക്ക് മികച്ച വരുമാനം !!!
ഫാഷൻ ഡിസൈനിങ് കോഴ്സുകൾക്ക് കൂടുതൽ ഫീസിളവ്*
1) Master in Advanced Fashion Designing (MAFD) 2) Diploma in Advanced Fashion Designing (DAFD)
LAST DATE : 14/12/2013 HELPLINE : 8281685583
അപേക്ഷിക്കേണ്ട വിധം : NCET (എന്ന് Type ചെയ്തതിനുശേഷം), നിങ്ങളുടെ പേര്, പൂർണ്ണമേൽവിലാസം (പിൻകോഡ് P.O സഹിതം), മൊബൈൽ നമ്പർ, ലാൻഡ് നമ്പർ (WITH STD CODE), കോഴ്സിന്റെ പേര്, പഠിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം എന്നിവ ക്രമത്തിൽ ഓരോ സ്പേസ് ഇടവിട്ട് ഏതെങ്കിലും ഫോണിൽ നിന്ന് 8606666026 എന്ന നമ്പറിലേക്കുമാത്രം SMS (Message) അയക്കുക. അല്ലെങ്കിൽ മുകളിൽ കൊടുത്ത വിവരങ്ങൾ വെള്ളക്കടലാസിൽ അപേക്ഷാഫോറം മാതൃകയിൽ എഴുതി തയ്യാറാക്കി മറുപടികവർ സഹിതം താഴെ കാണുന്ന വിലാസത്തിലേക്ക് അയക്കുക.
എറണാകുളം ജില്ലയിലെ പഠന കേന്ദ്രങ്ങൾ : എറണാകുളം-നോർത്ത്, എറണാകുളം-സൗത്ത്, ആലുവ, N പറവൂർ, അങ്കമാലി, പെരുമ്പാവൂർ, കാലടി, കളമശ്ശേരി, മൂവാറ്റുപുഴ, തൃപ്പൂണിത്തുറ, വരാപ്പുഴ, കൂത്താട്ടുകുളം, കോങ്ങോർപ്പിള്ളി, പള്ളുരുത്തി, തോപ്പുംപടി, പിറവം, മാള, തൊടുപുഴ, മോറക്കാല, കോതമംഗലം.
താഴെ പറയുന്ന സ്ഥലങ്ങളിൽ ഫാഷൻ ഡിസൈനിങ് കോഴ്സുകൾക്ക് പരിശീലന കേന്ദ്രങ്ങൾ ആവശ്യമുണ്ട്. ncetfdc@gmail.com
എറണാകുളം : ആലുവ, പെരുമ്പാവൂർ, കാലടി, പിറവം, തൃപ്പൂണിത്തുറ, കോതമംഗലം.
NCET The Director, NCET, Ist Floor, National Arcade, Para, Elappully P.O., Palakkad - 678 622.
Mob: 9400673018, 8547049176. Ph: 0491-2583443.
**ഒരു കേന്ദ്ര-സംസ്ഥാന സർക്കാരിതരപരിശീലനം *At Selected Centers Only *Conditions apply